**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6001** **09-11-2021 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് എടുത്തിട്ടുള്ള പട്ടികവർഗ്ഗക്കാർക്ക് കഴിഞ്ഞ വർഷം ശരാശരി എത്ര ദിവസം തൊഴിൽ നൽകാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 2020-21 സാമ്പത്തികവർഷം ശരാശരി 90.46 ദിവസം തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | താരതമ്യേന കുറച്ച് തൊഴിൽ ദിനങ്ങൾ മാത്രം നൽകുവാൻ സാധിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള കോമ്പൻസേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | അപേക്ഷ നൽകി നിശ്ചിത ദിവസത്തിനകം തൊഴിൽ നൽകാത്ത സാഹചര്യത്തിലാണ് തൊഴിലില്ലായ്മ വേതനം നൽകേണ്ടി വരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം അപേക്ഷിച്ച മുഴുവൻ കുടുംബങ്ങൾക്കും തൊഴിൽ നൽകാൻ സാധിച്ചതിനാൽ തൊഴിലില്ലായ്മ വേതനം നൽകേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉറപ്പ് വരുത്തിയിട്ടുള്ള 100 ദിവസത്തിന് പുറമെ കേരളത്തിലെ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അധികമായി 100 തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്നതിന് 'ട്രൈബൽ പ്ലസ്" എന്ന പദ്ധതി സംസ്ഥാന പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി വഴി പട്ടികവർഗ്ഗക്കാർക്ക് 200 തൊഴിൽ ദിനങ്ങൾ അനുവദിക്കുന്നതിലൂടെ അവരുടെ സാമൂഹിക സാമ്പത്തിക വികസനം ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ